# കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സമ്പ്രദായ ശുപാർശ

# വെണ്ട

**കാലം / മണ്ണ്**

വർഷം മുഴുവനും കൃഷി ചെയ്യാവുന്ന ഈ വിളയ്ക്ക് അല്പം ഉഷ്ണ കാലാവസ്ഥയാണ് പ്രിയം. ശൈത്യവും അതിശൈത്യവും ഒട്ടും അനുയോജ്യമല്ല. എല്ലാത്തരം മണ്ണിലും കൃഷി ചെയ്യാം. നല്ല വായുസഞ്ചാരമുള്ളതും നീർവാർച്ച സൗകര്യവുമുള്ള മണ്ണ് ഏറെ അഭികാമ്യം.

**വിത്തളവ് (ഏക്കറിന് )**

വർഷകാലത്ത് – 4–6 കിലോ

വേനൽക്കാലത്ത് – 7–8 കിലോ

ഹൈബ്രിഡ് – 2–2.5 കിലോ

**വിത്തു പരിചരണം**

ബീജാമൃതത്തിൽ വിത്ത് മുക്കിയശേഷം തണലത്ത് ഉണക്കി ഉപയോഗിക്കാം

**സ്ഥലമൊരുക്കൽ**

നന്നായി കിളച്ച്, കട്ടയുടച്ച്, ഒരുക്കിയ മണ്ണിൽ അവസാന ഉഴവിനൊപ്പം 400 കിലോ ഘനജീവാമൃതം ചേർത്തിളക്കുക.

**ഇടവിളകൾ**

ബീൻസ്, പയർ, അമരപ്പയർ തുടങ്ങിയവ.

ഇടവിളകൾ വളർത്തുന്നതിനാൽ കളകളുടെ വളർച്ചയെയും നിയന്ത്രിക്കാനാകും.

**ജലസേചനം**

വേനൽക്കാലത്ത് രണ്ടോ. മൂന്നോ ദിവസത്തിലൊരിക്കൽ ജലസേചനം ചെയ്യേണ്ടതാണ്.

**കീടരോഗനിയന്ത്രണം**

**കായ് – തണ്ട് തുരപ്പൻ**

വർഷകാലത്ത് ഈർപ്പം തങ്ങി നില്ക്കുന്ന കാലാവസ്ഥയിലാണ് ഈ കീടാക്രമണം സാധാരണയായി ഉണ്ടാകുന്നത്.

തവിട്ട് നിറത്തിലുള്ള ചെറിയ പുഴുക്കൾ വളർച്ചാഗ്രം തുരന്ന് ഉള്ളിലെ ഭാഗങ്ങൾ കാർന്നു തിന്നുന്നു.

പിന്നീട് കായ് പിടുത്തം തുടങ്ങുമ്പോൾ കായ്കളും തുരന്ന് തിന്നുന്നു.

**<u>നിയന്ത്രണം</u>**

ആക്രമണ വിധേയമായ കായ്കളും തണ്ടുകളും സമയാസമയങ്ങളിൽ നീക്കം ചെയ്യുകയും അത് മണ്ണിൽ ആഴത്തിൽ കുഴിച്ചിടുകയും വേണം.

ഫിറോമോൺ കെണികൾ കൃഷിയിടത്തിൽ സ്ഥാപിക്കുക.

അഗ്നിയാസ്ത്രം തളിയ്ക്കുക. (2-3 ലിറ്റർ 100 ലിറ്റർ വെള്ളത്തിൽ കലക്കി) ആറ് തവണയെങ്കിലും ചെയ്യണം.

വിത്തുകൾ ബീജാമൃതത്തിൽ മുക്കിയ ശേഷം ഉപയോഗിക്കുക.

**<u>ഇലത്തുള്ളൻ (Jassids)</u>**

- കുരുന്നിലകൾ മഞ്ഞ നിറമാകുന്നു.
- അരികുകൾ താഴേയ്ക്ക് ചുരുണ്ട് ചുവക്കുന്നു.
- ആക്രമണം തീവ്രമായാൽ ഇലകളെല്ലാം ചെമ്പിച്ച് പ്രത്യേക ലക്ഷണമായ തുള്ളൻ പൊള്ളൽ (hopper burn) കാണപ്പെടുന്നു.
- ഇലയുടെ അരികുകൾ പൊട്ടി ഒന്നു ഞെരിച്ചാൽ പൊടിഞ്ഞുപോകുന്ന അവസ്ഥയിലാകുന്നു.
- ഇലകൾ ഉണങ്ങിക്കൊഴിഞ്ഞ് ചെടികളുടെ വളർച്ച മുരടിക്കുന്നു.

**<u>നിയന്ത്രണം</u>**

- പുകയില കഷായം തളിച്ച് മൂന്ന് ദിവസത്തിനുശേഷം 5% വേപ്പിൻ കുരു സത്ത് അല്ലെങ്കിൽ നീമാസ്ത്രം തളിയ്ക്കുക.
- വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം രണ്ടാഴ്ചയിലൊരിക്കൽ തളിച്ചുകൊണ്ടേയിരിക്കുക.
- മഞ്ഞ പശക്കെണി ഏക്കറിന് 10-20 എണ്ണം സ്ഥാപിക്കുക.

**<u>ചുവന്ന മണ്ഡരികൾ</u>**

- വിളയുടെ അവസാന കാലത്താണ് ആക്രമണമുണ്ടാവുക.
- വേനൽക്കാലത്താണ് കൂടുതൽ പ്രശ്നം. ഇലയുടെ നീരൂറ്റി കുടിയ്ക്കുന്നു.
- ഇലയുടെ അടിഭാഗത്ത് പറ്റിക്കൂടി നീരൂറ്റിക്കുടിയ്ക്കുകയും ഉപരിതലം ചുവപ്പ് നിറമാകുകയും ഉണങ്ങി വീഴുകയും ചെയ്യുന്നു.

**<u>നിയന്ത്രണം</u>**

- ചാണകം, ഗോമൂത്രം - കായം ചേർത്ത് തളിയ്ക്കുക.
- പുകയിലകഷായം ( 2 കിലോ പുകയില 100 ലിറ്റർ വെള്ളത്തിൽ) തളിച്ച് മൂന്നാം ദിവസം 5% വേപ്പിൻ കുരു സത്തോ നീമാസ്ത്രമോ തളിയ്ക്കുക.
- വേപ്പെണ്ണ — വെളുത്തുള്ളി മിശ്രിതം രണ്ടാഴ്ചയിലൊരിയ്ക്കൽ തളിയ്ക്കുക.

**<u>വെള്ളീച്ച</u>**

- പലതരം വിളകളേയും ആക്രമിക്കുന്ന ഇവ സാധാരണയായി നവംബർ മുതൽ ഫെബ്രുവരി വരെയുള്ള കാലത്താണ് കാണപ്പെടുന്നത്.
- വലുതും ചെറുതുമായ ഇവ ഇലയുടെ അടിഭാഗത്തിരുന്ന് നീരൂറ്റിക്കുടിയ്ക്കുകയും മധുര ദ്രാവകം സ്രവിക്കുകയും ചെയ്യുന്നു. തന്മൂലം കറുത്ത പൂപ്പൽ (sooty mould) വളരുകയും ചെടികളുടെ വളർച്ച മുരടിക്കുകയും ചെയ്യുന്നു.
- വെള്ളീച്ചകൾ വൈറസ് രോഗങ്ങളെ പരത്തുകയും ചെയ്യുന്നു.

**<u>നിയന്ത്രണം</u>**

- മഞ്ഞ പശക്കെണി ഏക്കറിന് 10–20 എണ്ണം സ്ഥാപിക്കുക
- 5% വീര്യമുള്ള വേപ്പിൻകുരുസത്ത് (സോപ്പ് ചേർത്ത്) അല്ലെങ്കിൽ നീമാസ്ത്രം തളിയ്ക്കുക.
- വെള്ളീച്ചയെ ചെറുക്കാൻ കഴിവുള്ള ഇനങ്ങൾ വളർത്തുക.

**<u>വെള്ളിച്ചയെ ആകർഷിക്കുന്ന മറ്റു വിളകൾ</u>**

കത്തിരി / വഴുതന, തക്കാളി, വെള്ളരി, സൂര്യകാന്തി, മരച്ചീനി, മധുരക്കിഴങ്ങ്, പയറുവർഗ്ഗങ്ങൾ.

**<u>രോഗങ്ങൾ</u>**

**ചൂർണ്ണപൂപ്പ്**

- ചാരനിറത്തിലെ പൂപ്പൽ വളർച്ച ഇലയുടെ അടിഭാഗത്തും മുകളിലും കാണപ്പെടുകയും ചെടികളുടെ കായ്പിടുത്തം കുറയുകയും ചെയ്യുന്നു.
- പ്രകാശ സംശ്ലേഷണം കുറഞ്ഞ് വിളവിനെ ബാധിക്കുന്നു.
- തീവ്രമായ ആക്രമണമുണ്ടായ ഇലകൾ കൊഴിഞ്ഞു വീഴുന്നു.
- പശുവിൻ ചാണകം – ഗോമൂത്രം – കായം ചേർത്ത മിശ്രിതം തളിയ്ക്കുക
- പുളിച്ച മോര് 6 ലിറ്റർ 100 ലിറ്റർ വെള്ളത്തിന് എന്ന തോതിൽ തളിയ്ക്കുക.

<u>Yellow vein mosaic / Vein clearing disease</u>

- വെള്ളിച്ചകളും, ഇലത്തുള്ളന്മാരും പരത്തുന്ന ഒരു വൈറസ് രോഗമാണിത്.
- ഇവ രോഗമുള്ള ഒരു ചെടിയിൽ നീരൂറ്റിക്കുടിച്ച ശേഷം ആരോഗ്യമുള്ള ചെടിയിലേയ്ക്ക് രോഗകാരികളായ വൈറസിനെ കുത്തി വയ്ക്കുന്നു.
- ഇലകളിൽ മൊസൈക്ക് ലക്ഷണം പോലെയായി, ഞരമ്പുകൾ മഞ്ഞളിച്ച് ചുളിവുകൾ ഉണ്ടാകുന്നു. ചെടികൾ മുരടിച്ച് കായ്കളും ഗുണമേന്മ കുറയുന്നു.
- പുഷ്പിക്കുന്നതിന് തടസ്സം നേരിടുകയും അഥവാ കായുണ്ടായാൽ തന്നെ ചെറുതും കട്ടി കൂടിയതും ആകുന്നു.
- ഒരു കൃഷിയിടത്തിൽ രോഗബാധ കണ്ടു തുടങ്ങിയാൽ ബാക്കിയുള്ളവയെക്കൂടി രോഗാവസ്ഥയിലാക്കുകയും ഏതു പ്രായത്തിലുള്ളതും രോഗബാധിതമാകയും ചെയ്യുന്നു.

**<u>നിയന്ത്രണം</u>**

- രോഗം പരത്തുന്ന കീടങ്ങളെ, വെള്ളീച്ചയെ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക.
- വിത്തുമുളച്ച് രണ്ടാഴ്ച മുതൽ തന്നെ 5% വേപ്പിൻകുരു സത്ത് രണ്ടാഴ്ചയിലൊരിക്കൽ തളിയ്ക്കുക.
- മഞ്ഞ / വെള്ള പശക്കെണി @ 6 എണ്ണം ഏക്കറിന് സ്ഥാപിക്കുക
- ചാണകം – ഗോമൂത്രം – കായം ചേർത്ത മിശ്രിതം തളിയ്ക്കുക.

***<u>കടപ്പാട്</u>***

*കൃഷി മാന്വൽ , റിതു സാധികാര സംസ്ഥ , ആന്ധ്രാപ്രദേശ്*